**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2733** — **24-02-2026 - ൽ മറുപടിയ്ക്ക്**

**ടി-ഗ്രാൻഡ്സ് (T-GRANDZ) പദ്ധതി പ്രകാരം ലഭിച്ച ആനുകൂല്യം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. പി. ജെ. ജോസഫ്** | **ശ്രീ ഒ . ആർ. കേളു**<br>**(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** |

(എ) തൊടുപുഴ നിയോജകമണ്ഡലത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ, മറ്റു പിന്നാക്ക വിഭാഗങ്ങൾ എന്നിവർക്ക് എന്തെല്ലാം ക്ഷേമ പ്രവർത്തനങ്ങളാണ് 2021-25 കാലഘട്ടത്തിൽ നടപ്പിലാക്കിയത്; വിശദാംശം ലഭ്യമാക്കാമോ;

(എ) **പട്ടികജാതി വികസന വകുപ്പ്**

**2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളും അതിന്റെ വിശദാംശങ്ങളും ചുവടെ ചേർക്കുന്നു.**

| **പദ്ധതി** | **കാലഘട്ടം** | **ഗുണഭോക്താക്കളുടെ എണ്ണം** | **തുക** |
|---|---|---|---|
| ചികിത്സ | 2021-25 | 448 | 8829000 |
| ഭൂരഹിത പുനരധിവാസം | 2021-25 | 119 | 45450000 |
| സേഫ് | 2021-25 | 135 | 27000000 |
| ഏകവരുമാനദായകന്റെ മരണം | 2021-25 | 25 | 5000000 |
| മിശ്രവിവാഹം | 2021-25 | 34 | 2550000 |
| വിവാഹം | 2021-25 | 163 | 15625000 |
| പഠനമുറി | 2021-25 | 103 | 20600000 |
| വിദേശതൊഴിൽ | 2021-25 | 13 | 7650000 |
| സ്വയം തൊഴിൽ | 2021-25 | 12 | 1011332 |
| ഭവന നിർമ്മാണം | 2021-25 | 20 | 3000000 |

**പട്ടികവർഗ്ഗ വികസന വകുപ്പ്**

| **പദ്ധതി** | **വിശദാംശം** |
|---|---|
| അടിയന്തിര ചികിത്സാ ധനസഹായം | ബഹു.വകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2021-26 കാലഘട്ടത്തിൽ 33,22,669/- രൂപ തൊടുപുഴ നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗക്കാർക്കായി അടിയന്തിര ചികിത്സ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| ജനനി ജന്മരക്ഷ പദ്ധതി | പോഷകാഹാര കുറവ് പരിഹരിക്കുന്നതിന് മാതൃ-ശിശു മരണനിരക്ക് കുറയ്ക്കുന്നതിനും പട്ടികവർഗ്ഗ ക്കാരായ ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം ഉറപ്പു വരുത്തുന്നതിന് പ്രതിമാസം 2000/- രൂപ (പരമാവധി 18 മാസം) ഈ പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചു വരുന്നു. 2021-25 കാല ഘട്ടത്തിൽ 287 ഗുണ ഭോക്താക്കൾക്കായി 51,66,000/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| വിവിധ ആരോഗ്യ സംരക്ഷണ സ്ഥാപനങ്ങൾ | തൊടുപുഴ നിയോജക മണ്ഡലത്തിൽ വകുപ്പിന്റെ കീഴിൽ നാളിയാനിയിൽ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി |

| | |
|---|---|
| | പട്ടികവർഗ്ഗ വിഭാഗക്കാരുടെ ആരോഗ്യ സംരക്ഷണത്തിനായി പ്രവർത്തിച്ചു വരുന്നു. |
| സേഫ് ഭവന പുനരുദ്ധാരണ പദ്ധതി | ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ സാധിക്കാത്ത പട്ടികവർഗ്ഗക്കാർക്കായി സർക്കാർ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഭവനത്തിന്റെ നിർമ്മാണ പുരോഗതികൾ വിലയിരുത്തി ഗഡുക്കളായി ധനസഹായം അനുവദിച്ച് വരുന്ന 2021-2025 കാലഘട്ടത്തിൽ 274 ഗുണഭോക്താക്കൾക്ക് 2,73,27,712/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| ഭക്ഷ്യ സഹായ പദ്ധതി | മൺസൂൺ കാലഘട്ടങ്ങളിൽ ജോലിക്ക് പോകുവാൻ സാധിക്കാത്ത അവസ്ഥയിൽ പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 750/- രൂപ വിലയുള്ള ഭക്ഷ്യകിറ്റ് നൽകി വരുന്നു. തൊടുപുഴ നിയോജക മണ്ഡലത്തിൽ 2021-25 കാലഘട്ടത്തിൽ 3352 ഗുണ ഭോക്താക്കൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്. |
| സാമൂഹ്യപഠനമുറി | വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനായി തൊടുപുഴ നിയോജക മണ്ഡലത്തിൽ കുവക്കണ്ടം, മേത്തൊട്ടി എന്നിവിടങ്ങളിൽ സാമൂഹ്യപഠനമുറികൾ പ്രവർത്തിച്ചു വരുന്നു. |
| വിദ്യാവാഹിനി പദ്ധതി | പട്ടികവർഗ്ഗ വിദ്യാർത്ഥി കളുടെ വിദ്യാഭ്യാസത്തി നായുള്ള യാത്രാ നിലവാരം മെച്ചപ്പെടുത്തുന്നതിനായി യാത്രാ സൗകര്യം ഏർപ്പെടുത്തി ധനസഹായം നൽകി വരുന്നു. |
| ഹോസ്റ്റലുകൾ | പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ക്കായി തൊടുപുഴ നിയോജക മണ്ഡലത്തിൽ തൊടുപുഴ (പെൺ), തൊടുപുഴ (ആൺ), പൂമാല (പെൺ) എന്നീ ഹോസ്റ്റലുകളിൽ വിദ്യാർത്ഥി കൾക്ക് താമസി- പഠിക്കുന്നതിനായി പ്രവർത്തിച്ചു വരുന്നു. |
| കൈത്താങ്ങ് പദ്ധതി | അനാഥരായ പട്ടികവർഗ്ഗ കുട്ടികളെ സംരക്ഷിക്കുന്ന അടുത്ത ബന്ധുക്കൾക്കായി പ്രത്യേക ധനസഹായം നൽകി വരുന്നു. ഇത്തരത്തിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ, പൂമാല ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന്റെ പരിധിയിലായി 4 കുട്ടികൾക്ക് (അവരെ സംരക്ഷി-ക്കുന്നവർക്ക്) ധനസഹായം നൽകി വരുന്നു. 2021-2025 കാലഘട്ടത്തിൽ 4,80,000/- രൂ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. |
| വിവാഹ ധനസഹായം | നിർധനരായ പട്ടികവർഗ്ഗ യുവതികളുടെ വിവാഹത്തിന് 1,50,000/- രൂപയും അനാഥരായ പട്ടികവർഗ്ഗ യുവതികൾക്ക് 2,00,000/- രൂപയും ധനസഹായ മായി നൽകി വരുന്നു. 2021 2025 കാലഘട്ടത്തിൽ 45 ഗുണ ഭോക്താക്കൾക്ക് 22,25,000/- രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട് |

**പിന്നാക്കവിഭാഗ വികസന വകുപ്പ്**

തൊടുപുഴ നിയോജകമണ്ഡലത്തിൽ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വകുപ്പ് വഴി വിതരണം ചെയ്തു വരുന്നു.

(ബി) ടി വകുപ്പിൽനിന്നും പ്രസ്തുത വിഭാഗക്കാർക്ക് ടി-ഗ്രാൻഡ്സ് (T-GRANDZ ) പദ്ധതി പ്രകാരം എത്ര രൂപയുടെ ആനുകൂല്യം മേൽ കാലയളവിൽ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

(ബി) **പട്ടികജാതി വികസന വകുപ്പ്**

ടി -ഗ്രാൻഡ്സ് പദ്ധതി പ്രകാരം തൊടുപുഴ നിയോജക മണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | കാലഘട്ടം | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|---|
| ചികിത്സ | 2021-25 | 448 | 8829000 |

**പട്ടികവർഗ്ഗ വികസന വകുപ്പ്**

| | | | |
|---|---|---|---|
| | | | **പട്ടികവർഗ്ഗ വികസന വകുപ്പിൽ** T-GRANDZ പദ്ധതി (ചികിത്സ ധനസഹായ പദ്ധതി) പ്രകാരം 33,22,669/-രൂപയുടെ ധനസഹായം നൽകിയിട്ടുണ്ട്.<br><br>**<u>പിന്നാക്കവിഭാഗ വികസന വകുപ്പ്</u>**<br><br>**ബാധകമല്ല.** |

സെക്ഷൻ ഓഫീസർ